**ക്രമപ്രശ്നം**

കാലതാമസപ്രതിക ഇല്ലാതെ രേഖകൾ മേശപ്പുറത്ത് വയ്ക്കുന്നത്

ശ്രീ. ഷാഫി പറമ്പിൽ : സർ, റൂൾസ് ഓഫ് പ്രൊസീഡ്യുവറിലെ 20-ാം അദ്ധ്യായത്തിലെ സബോർഡിനേറ്റ് ലെജിസ്ലേഷനിലെ കാര്യമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. നമ്മൾ ഉണ്ടാക്കുന്ന റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയെല്ലാം ഭരണഘടനയിലോ പ്രസക്ത ആക്ടിലോ വിനിർദ്ദേശിക്കപ്പെട്ട കാലയളവിലേയ്ക്ക് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്. എന്നാൽ, വ്യവസ്ഥയില്ലാതിരിക്കുകയോ കാലയളവ് വിനിർദ്ദേശിക്കപ്പെടാതിരിക്കുകയോ ചെയ്യുന്നിടത്ത് അങ്ങനെയുള്ള റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയെല്ലാം നിയമസഭ മുമ്പാകെ പതിനാല് ദിവസത്തെ കാലയളവിലേയ്ക്കാണ് വയ്ക്കേണ്ടത്. എന്നാൽ സഭയിൽ വയ്ക്കേണ്ടത് പതിനാല് ദിവസത്തേയ്ക്ക് ആണെന്ന് പറയുന്നുണ്ടെങ്കിലും സഭയിൽ ഇവ എത്താൻ അനന്തമായി വൈകുന്ന സാഹചര്യത്തിൽ 1998 ഏപ്രിൽ 8-ന് ജി.എ.ഡി.-യുടെ സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. ഇതിൽ മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകളുടെ laying-നെ സംബന്ധിച്ച് ചില ഗൈഡ്ലൈനുകൾ പുറപ്പെടുവിച്ചിരുന്നു. മേശപ്പുറത്ത് വയ്ക്കുന്ന

കടലാസ്സുകൾ സഭയിൽ വയ്ക്കാൻ കാലതാമസം ഉണ്ടാകുമ്പോൾ ഗൈഡ്‌ലൈനിൽ പറയുന്നത്, reasons convincing to the house for delay shall be recorded in the statement എന്ന് വ്യക്തമായി പറയുന്നുണ്ട്. ഇതിൽ പിന്നീട് ബഹുമാനപ്പെട്ട ചെയറുകളുടെ റൂളിംഗ് ഉണ്ടായി. 1998 സെപ്റ്റംബർ 10-ന് ബഹുമാനപ്പെട്ട ചെയർ നൽകിയ റൂളിംഗിൽ പറയുന്നത്, all regulations, rules, sub rules, bye-laws etc. as required under Rule 166 (1) shall be made available for laying before the Assembly during the session immediately succeeding the issuance or within two months of the issuance. റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ Annexure 1-ൽ 17-ാമത്തെ ഡയറക്ഷനായി ബഹുമാനപ്പെട്ട ചെയർ പറയുന്നത്, In cases where there is a delay in laying on the Table, the Minister concerned shall lay on the Table, a statement showing the reasons for such delay also. ഈ കാലതാമസം വരികയാണെങ്കിൽ, ആ കാലതാമസത്തിനുള്ള കാരണം സഭയ്ക്ക് convincing ആയി പ്രകടമാകുന്ന കാലതാമസപത്രിക ഇതിനോടൊപ്പം മേശപ്പുറത്ത് വയ്ക്കണമെന്ന് വ്യക്തമായി ചെയറിന്റെ റൂളിംഗ് നിലനിൽക്കുകയാണ്. എന്നാൽ പല എസ്.ആർ.ഒ.-കളും സഭയിൽ വരുമ്പോൾ അനന്തമായ കാലതാമസം ഉണ്ടായിട്ടുപോലും കാലതാമസപത്രിക ഇതിനകത്ത് വരുന്നില്ല എന്നുള്ളത് വളരെ

പ്രധാനപ്പെട്ട കാര്യമാണ്. ഇതുസംബന്ധിച്ച് ഇങ്ങനെ കാലതാമസപത്രിക സമർപ്പിക്കാതെ ഡിലേ ഉണ്ടായി മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകളെ സംബന്ധിച്ച് അങ്ങയുടെ ഭാഗത്തുനിന്ന് ഒരു റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സഭാ നടപടിക്രമങ്ങൾ സൂക്ഷ്മമായി പരിശോധനയ്ക്ക് വിധേയമാക്കാനും സഭയിൽ ഉന്നയിക്കാനും താരതമ്യേന പുതിയ ഒരംഗമെന്ന നിലയിൽ അങ്ങ് കാണിക്കുന്ന ഔത്സുക്യത്തെ അഭിനന്ദിക്കുന്നു. ഇത് മാതൃകയാക്കി മറ്റ് അംഗങ്ങളുംകൂടി ഇത്തരം നിലപാട് സ്വീകരിക്കുന്നത് നന്നായിരിക്കും.

## റൂളിംഗ്

മി. സ്പീക്കർ: 26-04-2017-ന് സഭയുടെ മേശപ്പുറത്തുവച്ച 8 രേഖകൾ, അവ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കാതിരുന്നത് സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് സഹിതമല്ല വച്ചത് എന്നാണ് ശ്രീ. ഷാഫി പറമ്പിൽ ഉന്നയിച്ച ക്രമപ്രശ്നത്തിലെ വിഷയം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 14-07-2015 മുതൽ 25-10-2016 വരെ പ്രസിദ്ധീകരിക്കപ്പെട്ട 8 എസ്.ആർ.ഒ.-കൾ 26-04-2017-ന് മാത്രമാണ് സഭയിൽ സമർപ്പിക്കപ്പെട്ടത്. ഈ

എസ്.ആർ.ഒ.-കളുടെ കാര്യത്തിൽ അവ പുറപ്പെടുവിച്ചതും മേശപ്പുറത്ത് വയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയതും സഭാസമ്മേളന കാലയളവിലാണോ, കാലതാമസ പത്രിക വേണ്ടതാണോ എന്നീ കാര്യങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി കത്തിടപാടുകൾ നടത്തിയിരുന്നു.

ഇക്കാര്യത്തിൽ തീർപ്പുണ്ടാക്കാൻ വന്ന കാലതാമസം മൂലമാണ് അവ മേശപ്പുറത്ത് വയ്ക്കാൻ അധിക സമയം ആവശ്യമായി വന്നത്. വകുപ്പുകളിൽനിന്നും യഥാസമയം രേഖകൾ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമായിരുന്നുവെങ്കിലും ചില സാങ്കേതിക കാര്യങ്ങളിലുണ്ടായ സംശയങ്ങൾ ദൂരീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് കാലതാമസമുണ്ടായതെന്നും ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്നും കാണുന്നു.

എന്നിരുന്നാലും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ സാങ്കേതിക കാരണങ്ങളുടെ പേരിൽ കാലതാമസം വരുത്തി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന പ്രവണത ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ലെന്ന് ചെയർ ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു.

(ധനകാര്യം)